LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ :

തിരുവനന്തപുരം	-	2
കോട്ടയം	-	1
തൃശ്ശൂർ	-	1
പാലക്കാട്	-	1
വയനാട്	-	1
ഇടുക്കി	-	1
കോഴിക്കോട്	-	1
കണ്ണൂർ	-	1
ആകെ	-	9

എയ്ഡഡ് മേഖലയിൽ :

കൊല്ലം	-	1
എറണാകുളം	-	1
പാലക്കാട്	-	1
ആകെ	-	3

(ബി&സി) സംസ്ഥാനത്ത് ഗവൺമെന്റ്, എയ്ഡഡ് മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടിയിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് L.B.S. Integrated Institute-ൽ എഞ്ചിനീയറിംഗ് കോളേജും ഉൾപ്പെടുന്നുണ്ട്.

ഐ.ഐ.ടി. സ്ഥാപിക്കുന്നതിനുള്ള സ്ഥലം കൈമാറൽ

99 (1135) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് അനുവദിച്ച ഐ.ഐ.ടി. സ്ഥാപിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് തീരുമാനം ആയിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) എവിടെയാണ് പ്രസ്തുത സ്ഥലമെന്നും എത്ര ഏക്കർ സ്ഥലമാണ് ഐ.ഐ.ടി. സ്ഥാപനത്തിന് നൽകുന്നതെന്നും വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത സ്ഥലം കേന്ദ്രത്തിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കേരളത്തിന് അനുവദിച്ച ഐ.ഐ.ടി. പാലക്കാട് ജില്ലയിലാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ആയതിലേക്കായി പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ ഏകദേശം 500 ഏക്കറോളം ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 400 ഏക്കറോളം സ്ഥലം സ്വകാര്യ വ്യക്തികളിൽനിന്നും അക്വയർ ചെയ്യേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വടകരയിൽ സാങ്കേതിക വിദ്യഭ്യാസ സ്ഥാപനം

100 (1136) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ അഴിയൂർ പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ഒരു സ്ഥാപനം ആരംഭിക്കുമെന്ന് വാഗ്ദാനം നൽകിയതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് അതിനുവേണ്ടി പ്രത്യേകം സ്ഥലം കണ്ടെത്തി ഗവൺമെന്റിനെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ഒരു സ്ഥാപനമോ അല്ലെങ്കിൽ ഏതെങ്കിലും ഐ .ടി. സ്ഥാപനമോ പ്രസ്തുത സ്ഥലത്ത് ആരംഭിക്കുമോ ?

ഉത്തരം

(എ) വടകരയിലെ അഴിയൂർ പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ഒരു സ്ഥാപനം ആരംഭിക്കുന്നതിനായി ഗവൺമെന്റ് കപ്പിള ജൂനിയർ ബേസിക് സ്കൂളിന്റെ കാമ്പസിൽ സ്ഥലം അനുവദിക്കാമെന്ന് അഴിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വാഗ്ദാനം ചെയ്തിരുന്നെങ്കിലും നാളിതുവരെ സ്ഥലം കൈമാറ്റം ചെയ്തിട്ടില്ല.

(ബി) സ്ഥലം കൈമാറ്റം ചെയ്യാത്ത സ്ഥിതിക്ക് പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly